കെ.എസ്.ആർ.ടി.സി. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

24 (*84) ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

(ബി) ദീർഘദൂര യാത്രയ്ക്കുള്ള ഓൺലൈൻ റിസർവേഷൻ സൗകര്യം പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ ;

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇപ്പോൾ പ്രസ്തുത സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത സംവിധാനം കൂടുതൽ വ്യാപകമാക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) കെ.എസ്.ആർ.ടി.സി. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ചുവടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. ദീർഘദൂര സർവ്വീസുകൾക്കായി പുഷ്ബാക്ക് സൗകര്യമുള്ള സീറ്റുകളോടു കൂടിയ 53 ബസ്സുകൾ നിരത്തിലിറക്കി.
2. ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ബസ്സുകൾമാറ്റി പുതിയ ബസ്സുകൾ നൽകുകയുണ്ടായി.
3. പല ദീർഘദൂര സർവ്വീസുകളും അപ്ഗ്രേഡ്ചെയ്ത് സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് സർവ്വീസുകളാക്കി മാറ്റുകയുണ്ടായി.
4. ബസ് സ്റ്റേഷനുകളിൽ യാത്രക്കാർക്ക് വിശ്രമത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും വൃത്തിയുള്ള ടോയ്ലെറ്റുകൾ നിർമ്മിക്കുകയും ചെയ്തു.
5. പുതിയ സൂപ്പർ എക്സ്പ്രസ് ബസുകളിൽ ഷട്ടറിനുപകരം സൈഡ് വിൻഡോ ഗ്ലാസുകൾ ഏർപ്പെടുത്തുകയുണ്ടായി.
6. തമിഴ്നാട്ടിലെ വിവിധ പ്രദേശങ്ങളിലേക്കും കർണ്ണാടകയിൽ ബാംഗ്ലൂർ വരെയും കൂടുതൽ അന്തർ സംസ്ഥാന ദീർഘദൂര സർവ്വീസുകൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി.-യുടെ 214 ദീർഘദൂര സർവ്വീസുകൾക്ക് ഇതിനകം ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പൊതുജനങ്ങൾക്ക് ഓൺലൈൻവഴി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി.-യുടെ 13 റിസർവേഷൻ കൗണ്ടറുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 214 സർവ്വീസുകൾക്ക് ലഭിക്കുന്ന ഈ സൗകര്യം കൂടുതൽ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതാണ്.

ജല അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ

25 (*85) ശ്രീ. സി. എം. ദിനേശ് മാണി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പുതുതായി വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ നിശ്ചിത കാലപരിധിക്കുള്ളിൽ കണക്ഷൻ നൽകാൻ കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ വന്നശേഷം എത്ര പുതിയ ഗാർഹിക കണക്ഷനുകൾ നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഉപഭോക്താക്കളും അതോറിറ്റിയും തമ്മിലുള്ള റവന്യൂ സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ബ്ലൂ ബ്രിഗേഡ് സംവിധാനം ഏതെല്ലാം സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട് ; ഈ സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമോ ;

(എഫ്) പ്രവർത്തിക്കാത്ത മീറ്ററുകൾ മാറ്റുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ ; മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകവഴി വാട്ടർ അതോറിറ്റി നൽകുന്ന സേവനങ്ങളും, ടി സേവനങ്ങൾ ലഭിക്കുന്നതിനായി നിഷ്ക്കർഷിക്കേണ്ട മാനദണ്ഡങ്ങളും, പരാതി പരിഹാര സംവിധാനങ്ങളും ഉപഭോക്താക്കളിൽ എത്തിക്കുവാൻ കഴിഞ്ഞു. എല്ലാ ഡിവിഷൻ ഓഫീസുകളോടൊപ്പവും ഹെൽപ്പ്

LIBRARY ARCHIVES Kerala Legislative Assembly